## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1795

06-07-2015- ൽ മറുപടിക്ക്

# വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് കമ്പനിയുടെ ബോർഡ് യോഗ തീരുമാനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ.ഗുരുദാസൻ :<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീ. വി.ശിവൻകുട്ടി :<br>ശ്രീ. ബി.സത്യൻ : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ നിർമ്മാണം അദാനിഗ്രൂപ്പിനെ ഏല്പിക്കാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള എംപവേർഡ് കമ്മിറ്റി നൽകിയ ശിപാർശയുടെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ; | (എ) എംപവേർഡ് കമ്മിറ്റിയുടെ ശിപാർശയുടെ പകർപ്പ് അനുബന്ധം 1 ആയി വച്ചിട്ടുണ്ട്. |
| (ബി) നിയമ, സ്റ്റോർപർച്ചേസ് വകുപ്പുകൾ ഇക്കാര്യത്തിൽ ശിപാർശ നൽകുകയുണ്ടായിട്ടുണ്ടോ; എങ്കിൽ അവയുടെ പകർപ്പുകൾ മേശപ്പുറത്ത് ലഭ്യമാക്കാമോ; | (ബി) നിയമ, സ്റ്റോർപർച്ചേസ് വകുപ്പുകളുടെ അഭിപ്രായം യഥാക്രമം അനുബന്ധം രണ്ടും അനുബന്ധം മൂന്നുമായി വച്ചിട്ടുണ്ട്. |
| (സി) പദ്ധതിയുടെ കൺസൾട്ടന്റുമാരായ ഏണസ്റ്റ് ആന്റ് യങ്ങിന്റെ ശിപാർശ എന്തായിരുന്നു; ആയതിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ; | (സി) അദാനി സമർപ്പിച്ചിട്ടുള്ള ബിഡ്, റിക്വസ്റ്റ് ഫോർ പ്രൊപ്പോസലിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസൃതമാണെന്നും അദാനി ചോദിച്ചിട്ടുള്ള ഗ്രാന്റ് കേന്ദ്ര വി.ജി.എഫ് മാനദണ്ഡങ്ങൾ അനുസരിച്ച് അനുവദിച്ചിട്ടുള്ള തുകയുടെ പരിധിക്കുള്ളിലാണെന്നും ടെണ്ടറിന്റെ ട്രാൻസാക്ഷൻ അഡ്വൈസറായ ഏണസ്റ്റ് |

ആന്റ് യങ്ങ്, ശുപാർശ ചെയ്തു.

ഏണസ്റ്റ് ആന്റ് യങ്ങിന്റെ ശുപാർശ അനുബന്ധം 4 ആയി വച്ചിട്ടുണ്ട്.

ഡി) പദ്ധതിയുടെ കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് കമ്പനിയുടെ ബോർഡ് യോഗ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു; യോഗം പരിഗണിച്ച അജണ്ട നോട്ടിന്റേയും തീരുമാനങ്ങളുടെയും പകർപ്പ് ലഭ്യമാക്കാമോ;

(ഡി) മുഖ്യമന്ത്രി അദ്ധ്യക്ഷനായ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് കമ്പനിയുടെ ഡയറക്ടർ ബോർഡ് യോഗം പദ്ധതിയുടെ കാര്യത്തിൽ ഒരു തീരുമാനം കൈക്കൊണ്ടിട്ടില്ല. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഉന്നതാധികാരി സമിതിയുടെ, ബിഡ് സ്വീകരിക്കുന്നതിനുള്ള ശിപാർശയെ തുടർന്ന് കമ്പനി ഡയറക്റ്റർ ബോർഡും ബിഡ് സ്വീകരിക്കുന്നതിനുള്ള ശിപാർശയാണ് സർക്കാരിന് നൽകിയത്. അജണ്ട നോട്ടിന്റെയും തീരുമാനങ്ങളുടെയും പകർപ്പ് യഥാക്രമം അനുബന്ധം 5 ഉം അനുബന്ധം 6 ഉം ആയി വച്ചിട്ടുണ്ട്.

ഇ) സർക്കാർ ഇക്കാര്യത്തിൽ എടുത്ത അന്തിമ തീരുമാനങ്ങൾ വിശദമാക്കാമോ?

(ഇ) അദാനി സമർപ്പിച്ച ബിഡ് അംഗീകരിക്കുവാൻ തത്വത്തിൽ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്